(സി) പ്രസ്തുത പ്രവൃത്തിയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് ആനുവൽ പ്ലാൻ ഓഫ് ഓപ്പറേഷൻ സ്കീമിൽപ്പെടുത്തി ഈ പ്രവൃത്തി അടിയന്തരമായി നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനും, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 2010-11 വർഷത്തെ പ്രവൃത്തിയുടെ ആക്ഷൻ പ്ലാൻ നേരത്തെ തന്നെ തയ്യാറാക്കി അംഗീകാരം നൽകിയതിനാൽ പ്രസ്തുത പ്രവൃത്തി ഉൾക്കൊള്ളിക്കുവാൻ സാധിച്ചിട്ടില്ല.

**ആലുവ കടുങ്ങല്ലൂരിലെ ജലനിധി പദ്ധതി**

**103 (1831)** ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ കടുങ്ങല്ലൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി എപ്പോഴാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലുവ മണ്ഡലത്തിലെ കടുങ്ങല്ലൂർ പഞ്ചായത്ത് ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ.

(ബി) പഞ്ചായത്തുമായി കരാർ ഒപ്പിട്ടതിനുശേഷം 24 മാസം കൊണ്ടാണ് പദ്ധതി പൂർത്തീകരിക്കുന്നത്.

**പെരിയാറിന്റെ തീരം കരിങ്കൽ ഉപയോഗിച്ച് കെട്ടി സംരക്ഷിച്ചതിന് ചെലവഴിച്ച തുക**

**104 (1832)** ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലുവ മണ്ഡലത്തിലെ പെരിയാറിന്റെതീരം കരിങ്കൽ ഉപയോഗിച്ച് കെട്ടി സംരക്ഷിച്ചതിന് എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തുക എത്ര വീതം ഏതെല്ലാം ഫണ്ടുകളിൽനിന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly